ഉല്പാദനശേഷി 10 ശതമാനം മാത്രമാണ് വർദ്ധിപ്പിക്കാനായിട്ടുള്ളത്. 2004-05-ൽ സ്ഥാപിതശേഷി 2623.86 മെഗാവാട്ടും ഉപഭോഗം 9384.4 മില്യൺ യൂണിറ്റും ആയിരുന്നു. 2013-14-ൽ സ്ഥാപിതശേഷി 2891.72 മെഗാവാട്ടും ഉപഭോഗം 17454 മില്യൺ യൂണിറ്റുമാണ്.

18-ാം EPS സർവ്വേപ്രകാരം 2014-15-ലെ ആവശ്യകത 4137 മെഗാവാട്ടും ലഭ്യത 3300 മെഗാവാട്ടും ആണെന്നും 837 മെഗാവാട്ടിന്റെ കുറവുണ്ടെന്നും കണക്കാക്കിയിട്ടുണ്ട്. അതിനാൽ ഈ വൈദ്യുതി ആവശ്യകത നിറവേറ്റാൻവേണ്ട വൈദ്യുത കരാറുകളും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്ന നടപടികളും സ്വീകരിച്ചു വരികയാണ്.

ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

47 (387) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നകാര്യം നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

കന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

48 (388) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് കന്നംകുളം കെ.എസ്.ഇ.ബി.

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം പ്രദേശത്താണ് ഇനിയും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത്; ഇതുപരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിലുള്ള സെക്ഷനുകളിൽ 25 കിലോമീറ്റർ 11 കെ.വി. ലൈൻ, 64 ട്രാൻസ്ഫോർമർ, 208 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 9.5 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 107 കിലോമീറ്റർ കൺവർഷൻ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 6.16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) കുന്നംകുളം ഡിവിഷനുകീഴിലുള്ള പോർക്കളങ്കാട്, ഇയ്യാൽ, കടവല്ലൂർ, അയിനൂർ, തൊഴിയൂർ, മന്ദലാംകുന്ന്, കൊച്ചന്നൂർ, അയിനിപ്പാറ, പുത്തൂർ, കുറുമാൽ, പുത്തനങ്ങാടി, ചൊവ്വല്ലൂർപ്പടി, മാമബസാർ, വഞ്ചിക്കടവ്, അഞ്ചങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി പ്രദേശങ്ങളിൽ വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകളിലായി 16 കിലോമീറ്റർ 11 കെ.വി. ലൈൻ, 34 ട്രാൻസ്ഫോർമർ, 164 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 4 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 24 കിലോമീറ്റർ കൺവർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 3.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

49 (389) ശ്രീ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly